## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3581 | 17.10.2011 - ൽ മറുപടിക്ക് |
|---|---|

### കാൻസർ രോഗനിർണ്ണയം യഥാസമയം നടത്താൻ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | കാൻസർ രോഗം വർദ്ധിച്ചു വരുന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br>തിരുവനന്തപുരം താലൂക്കിൽ റീജിയണൽ കാൻസർ സെന്ററിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജനസംഖ്യാധിഷ്ഠിത കാൻസർ രജിസ്ട്രിയുടെ കണക്കുകൾ പ്രകാരം കാൻസർ രോഗം വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. മലബാർ കാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തിയ രോഗികളുടെയും തുടർചികിത്സയ്ക്കെത്തിയവരുടെയും കണക്ക് പരിശോധിച്ചാൽ മലബാർ മേഖലയിലും കാൻസർ രോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | കാൻസർ മൂലം 2005 മുതൽ മരണമടഞ്ഞവർ എത്രയാണ്; | (സി) | see table below |

| | 2005 | 2006 | 2007 | 2008 | 2009 | 2010 |
|---|---|---|---|---|---|---|
| ആർ.സി.സി (തിരുവനന്തപുരം താലൂക്ക്) | 379 | 502 | 629 | 612 | 630 | - - - |
| എം.സി.സി | 53 | 97 | 116 | 107 | 153 | 164 |

| | | | |
|---|---|---|---|
| (ഡി) | ഓരോ വർഷവും എത്ര ശതമാനം വർദ്ധനവാണ് ഉണ്ടാകുന്നത്; | (ഡി) | റീജിയണൽ കാൻസർ സെന്റർ.<br><br>ചികിത്സയ്ക്ക് എത്തുന്നവർ / ശതമാനം (വർദ്ധനവ്)<br>2005 8,762 - -<br>2006 9,441 7.7<br>2007 9,913 4.9<br>2008 10,576 6.6<br>2009 11,287 6.7<br>2010 11,505 1.9 |
| (ഇ) | കാൻസർ രോഗ ചികിത്സയ്ക്കും യഥാ സമയം രോഗനിർണ്ണയം നടത്തുന്നതി- നുമായി എന്തൊക്കെ സംവിധാനങ്ങ- ളാണുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ സ്ത്രീകളിൽ കണ്ടുവരുന്ന ഗർഭാശയഗള കാൻസർ കണ്ടുപിടിക്കു- ന്നതിനുള്ള പാപ്സ്മീയർ, കോൾപ്പോ- സ്ക്കോപ്പി പരിശോധന, സ്താനാർ- ബുദം നേരത്തെ കണ്ടുപിടിക്കുന്നതി- നുള്ള മാമ്മോഗ്രാം, വായിലെ കാൻസ- റിന് മുന്നോടിയായ വ്യതിയാനങ്ങൾ കണ്ടുപിടിക്കുന്നതിന് പരിശീലനം നേടിയ ഡോക്ടർമാർ, പ്രോസ്റ്റേറ്റ് കാൻസർ, വൻകുടലിലെ കാൻസർ എന്നിവ കണ്ടുപിടിക്കുന്നതിനുള്ള രക്ത പരിശോധനയും, തൊണ്ടയിലേയും, ആമാശയം, വൻകുടൽ മുതലായവയി- ലുണ്ടാകുന്ന കാൻസർ കണ്ടുപിടിക്കു- ന്നതിനുള്ള എൻഡോസ്കോപ്പി പരി- ശോധനയും റീജിയണൽ കാൻസർ സെന്ററിലുണ്ട്. അൾട്രാസൗണ്ട് സ്കാൻ, സി.റ്റി.സ്കാൻ, എം.ആർ.ഐ. സ്കാൻ മുതലായ സൗകര്യങ്ങളും, കാൻസർ ചികിത്സയ്ക്കാവശ്യമായ ഒട്ടു മിക്ക മരുന്നുകളും, അതിനൂതനമായ മെഷീനുകളും റീജിയണൽ കാൻസർ സെന്ററിലുണ്ട്.<br><br>തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിൽ കാൻസർ ചികിത്സയ്ക്കാവ- ശ്യമായ എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേ- റ്റർ ബ്രാക്കിതെറാപ്പി മെഷീൻ, അത്യാ- ധുനിക സൗകര്യങ്ങളോടുകൂടിയ ബയോകെമിക്കൽ ലെബോറട്ടറി, സി.ടി.സ്കാൻ 500 എം.എ. എക്സ്റേ |

| | | | |
|---|---|---|---|
| | | | മെഷീൻ, അൾട്രാസൗണ്ട് സ്കാൻ എന്നിവയും എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രങ്കോസ്കോപ്പി, കോൾപ്പോസ്കോപ്പി എന്നിവ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ, ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവയുമുണ്ട്.<br><br>ആരോഗ്യ വകുപ്പിന് കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കുവേണ്ടി പ്രത്യേക ഓങ്കോളജി വിഭാഗവും, കീമോതെറാപ്പി സൗകര്യവും ഉണ്ട്. മെഡിക്കൽ കോളേജ്, റീജിയണൽ കാൻസർ സെന്റർ തുടങ്ങിയ ആശുപത്രികളിൽ ചികിത്സ നടത്തുന്ന രോഗികളുടെ ഫോളോ അപ് കീമോതെറാപ്പിയും ചില ജില്ലാ/ജനറൽ/ഡബ്ല്യു. ആൻഡ് സി. ആശുപത്രികളിലും നടന്നുവരുന്നുണ്ട്. കൊല്ലം, പാലക്കാട്, ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി എന്നിവടങ്ങളിൽ കാൻസർ നിർണ്ണയ ക്ലീനിക്കുകളും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ